# അക്കാദമിക മാസ്റ്റർ പ്ലാൻ




## ഗവ. സംസ്കൃതം ഹയർ സെക്കണ്ടറി സ്കൂൾ

# ഉള്ളടക്കം

1.സ്കൂൾ വിവരങ്ങൾ

2. ആമുഖം

3. സ്കൂൾ ചരിത്രം അന്നും ഇന്നും

4. കാഴ്ചപ്പാട്

5.വ്യക്തിഗത പ്ലാൻ

6. അക്കാദമിക നേട്ടങ്ങൾ

7. പ്രതിസന്ധികളും പരിമിതികളും

8. വിഷയമേഖലകൾ

9.ഉപസംഹാരം

# സ്കൂൾ വിവരങ്ങൾ

1. റവന്യൂ ജില്ല : കോഴിക്കോട്
2. സ്കൂൾ കോഡ് : 16004
3. സ്കൂളിന്റെ പേര് : ഗവൺമെന്റ് സംസ്കൃതം ഹയർ സെക്കൻഡറി സ്കൂൾ
4. മേൽവിലാസം : മേപ്പയിൽ പി ഓ വടകര
5. പിൻകോഡ് :673104
6. ഫോൺ നമ്പർ :
7. ഈമെയിൽ അഡ്രസ് : vadakara16004@gmail.com
8. മുൻസിപ്പാലിറ്റി : വടകര
9. വിദ്യാഭ്യാസ ജില്ല : വടകര
10. ക്ലാസുകൾ : 5 മുതൽ 12 വരെ
11. മാനേജ്മെന്റ് : ഗവൺമെന്റ്
12. പഠന മാധ്യമം :മലയാളം, ഇംഗ്ലീഷ്, സംസ്കൃതം,

# ആമുഖം

വടകര പട്ടണത്തിൽ നിന്നും രണ്ട് കിലോമീറ്റർ അകലെയായി പ്രശസ്തമായ ലോകനാർക്കാവ് ക്ഷേത്രത്തിലേക്കുള്ള വഴിയിൽ പുതിയാപ്പു എന്ന സ്ഥലത്താണ് ഗവൺമെന്റ് സംസ്ഥാന ഹയർ സെക്കൻഡറി സ്കൂൾ സ്ഥിതി ചെയ്യുന്നത്. പാഠ്യപാഠ്യേതര രംഗത്ത് മാതൃകയായി നിലകൊള്ളുന്ന ഈ വിദ്യാലയം എസ്എസ്എൽസിയിൽ വർഷങ്ങളായി 100% നേട്ടം കൈവരിച്ചുകൊണ്ട് മുന്നേറുകയാണ് ഹയർസെക്കൻഡറി തലത്തിലും ഈ മികവ് നിലനിർത്താൻ കഴിയുന്നുണ്ട്.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ വർഷമായി 2025-2026 അധ്യയന വർഷം നടത്തപ്പെടുമ്പോൾ അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാൻ ആവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യമിടുന്നത് വികസനോന്മുഖമായ ഒരു സമൂഹ നിർമ്മിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസ പ്രക്രിയ

രൂപകൽപ്പന നൽകിയിരിക്കുന്ന പദ്ധതിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ പഠന പ്രവർത്തനങ്ങൾ ശിശു സൗഹാർദ്ദപരവും കൂടുതൽ ആസ്വാദ്യകരവും ആക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യത്തിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും ഈ പദ്ധതി ലക്ഷ്യമിടുന്നു. അക്കാദമിക മികവിലൂടെ വിദ്യാലയ മികവ് എന്ന കാഴ്ചപ്പാടാണ് ഉയർത്തിക്കൊണ്ടുവരുന്നത് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത് ആധുനിക സാങ്കേതികവിദ്യകളുടെ സാധ്യതകൾ അടക്കം വൈവിധ്യമാർന്ന പഠനങ്ങൾ പ്രയോജനപ്പെടുത്തി അധ്യാപകരെ സജ്ജമാക്കി പഠനാന്തരീക്ഷത്തിൽ ഗുണപരമായ മാറ്റങ്ങൾ ലക്ഷ്യമിടുന്നു.

ജനകീയ പങ്കാളിത്തത്തോടെ നമ്മുടെ വിദ്യാലയത്തിന്റെ പാഠ്യേതര പ്രവർത്തനങ്ങളെ മികവുറ്റതാക്കാൻ വൈവിധ്യമാർന്ന പ്രവർത്തന പദ്ധതികൾ മുന്നോട്ട് വയ്ക്കുന്നതാണ് ഈ മാസ്റ്റർ പ്ലാൻ

# സ്കൂൾ ചരിത്രം

കോഴിക്കോട് ജില്ലയിലെ ഗവൺമെന്റ് മേഖലയിൽ പ്രവർത്തിക്കുന്ന ഏക സംസ്കൃതം ഓറിയന്റൽ സ്കൂൾ ആണ് ഗവൺമെന്റ് സംസ്ഥാന ഹയർ സെക്കൻഡറി സ്കൂൾ വടകര 193 വിലാസിനി അഡ്വാൻസ് സംസ്കൃതം സ്കൂൾ എന്ന പേരിൽ വടകര എടോടിയിലെ വാടക കെട്ടിടത്തിൽ ഈ സ്ഥാപനം ആരംഭിച്ചു സംസ്കൃത പണ്ഡിതനായ കാവിൽ പി രാമൻ പണിക്കർ ആണ് ഈ വിദ്യാലയത്തിന്റെ സ്ഥാപകൻ വടകര താലൂക്കിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും കുട്ടികൾ സംസ്കൃത പഠനത്തിനായി ഈ സ്കൂളിൽ എത്തിയിരുന്നു പണിക്കർ ഈ വിദ്യാലയം ഏറ്റെടുത്തു 1957 കേരള സർക്കാർ ഈ വിദ്യാലയം ഏറ്റെടുത്തു ഗവൺമെന്റ് സംസ്കൃതം സ്കൂൾ എന്ന പേരിൽ വടകര പുതിയാപ്പിലെ സ്വന്ത കെട്ടിടത്തിലേക്ക് മാറി. ശിരോമണി ഗോപാലൻ നമ്പ്യാർ ആയിരുന്നു പ്രഥമഹ ഹെഡ്മാസ്റ്റർ. എം കെ കുഞ്ഞിരാമൻ വക്കീലായിരുന്നു സ്കൂൾ കമ്മിറ്റിയുടെ പ്രഥമ പ്രസിഡന്റ് വടകരയിലെ പൗരപ്രമുഖരായ എം കെ കെ കുമാരൻ മാസ്റ്റർ ഇരിങ്ങൽ കൃഷ്ണൻ പണിക്കർ ചാക്കയിൽ കണ്ണൻ വൈദ്യർ എന്നിവർ പ്രഥമ കമ്മിറ്റിയിലെ അംഗങ്ങൾ ആയിരുന്നു

# കാഴ്ചപ്പാട്

ഭാവിയിൽ അക്കാദമിക മികവോടും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെട്ടതും ജനപങ്കാളിത്തം ഉള്ളതും നല്ല പൗരന്മാരെ വാർത്തെടുക്കുന്നതുമായ ഒരു മാതൃക വിദ്യാലയമായി മാറണം എന്നതാണ് ഞങ്ങളുടെ സ്വപ്നം. അക്കാദമിക നിലവാരം ഉയർന്ന സ്കൂളിന്റെ പ്രവർത്തനങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കുക

# വ്യക്തിഗത പ്ലാൻ

1. വ്യക്തി വിവരങ്ങൾ
2. വാചനം
3. ലേഖനം
4. ആശയ സ്വാംശീകരണം
5. ഭാഷാപ്രയോഗം
6. പാഠ്യേതര പ്രയോഗ സാമർത്ഥ്യം

# വ്യക്തിഗത വിവരങ്ങൾ(ഉൾകൊള്ളിക്കേണ്ടത് )

1. പേര്
2. അഡ്മിഷൻ നമ്പർ
3. ക്ലാസ്സ് & ഡിവിഷൻ
4. വിലാസം
5. കുടുംബ പശ്ചാത്തലം
6. കുട്ടിയുടെ മികവുകൾ മെച്ചപ്പെടുത്തേണ്ടത

# വാചനം

7. അക്ഷര ബോധം പരിചയം
8. അക്ഷര കാർഡ് തയ്യാറാക്കൽ
9. ചിത്ര പദകോശം നിർമ്മിക്കൽ

# ലേഖനം

1. ലേഖന അഭ്യാസം

# ആശയ സ്വാംശീകരണം

1. സംഭാഷണ പൂർത്തീകരണം
2. കഥാ പൂർത്തീകരണം

## ഭാഷാപ്രയോഗം

സംഭാഷണ ക്ലാസ്

## പാഠ്യേതര പ്രയോഗ സാമർത്ഥ്യം

1. സംഗീത സഭ
2. ചിത്ര പ്രദർശനം
3. നാടക കളരി

# അക്കാദമിക നേട്ടങ്ങൾ

കോഴിക്കോട് ജില്ലയിൽ എസ്എസ്എൽസി പരീക്ഷയിൽ തുടർച്ചയായി 100% നേടുന്ന വിദ്യാലയമായി മാറി ഗവൺമെന്റ് സംസ്ഥാന ഹയർ സെക്കൻഡറി സ്കൂൾ യു എസ് എസ് സ്കോളർഷിപ്പ് തുടങ്ങിയ മത്സരപരീക്ഷകൾ എഴുതുന്ന കുട്ടികളിൽ ഭൂരിഭാഗം പേരും സ്കോളർഷിപ്പ് നേടുന്നുണ്ട്..അതിനുവേണ്ടി കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള വൈവിധ്യങ്ങളായ പരിശീലനം നൽകി കുട്ടികളെ വിജയത്തിലേക്കു നയിക്കുന്നു.വിദ്യാർത്ഥി ലിറ്റിൽ കൈ സോഷ്യൽ സർവീസ് തിങ്കറിംഗ് ലാബ് പരിശീലനം ഗ്രീൻ ആർമി തുടങ്ങിയ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളുടെ പ്രവർത്തനത്തോടൊപ്പം ഉള്ള പഠനം കുട്ടികളിൽ മൂല്യാധിഷ്ഠിത വിദ്യാഭ്യാസം സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഇവസാധ്യമാക്കുന്നു ഹയർ സെക്കൻഡറി വിഭാഗവും അക്കാദമിക മികവിൽ മുന്നിൽ തന്നെയാണ് സാമൂഹ്യ ശുചിത്വം ട്രാഫിക് നിയന്ത്രണം വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കൽ പൂന്തോട്ടം നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ കാലോചിതവും സമയോചിതവും ആയ രീതിയിൽ നടത്തപ്പെടുന്നുണ്ട്

# പ്രധാന പ്രതിസന്ധികളും പരിമിതികളും

1. നിലവിൽ ഒരു സ്മാർട്ട് ക്ലാസ്സ് റൂം മാത്രമേ മാത്രമേയുള്ളൂ എല്ലാ ക്ലാസിലും മുറികളും സ്മാർട്ട് ക്ലാസ്സ് റൂമുകൾ ആക്കണം...

2 വായനാറും കമ്പ്യൂട്ടർ ലാബ് ഇവ വിപുലീകരിക്കുക

3.ഗണിത ലാബ് സാമൂഹ്യശാസ്ത്ര ലാഭം ഇവ പ്രത്യേകമായി ഇല്ല.

4.പ്രവർത്തിച്ചു പഠിക്കുക അന്വേഷണാത്മകമായും നിരീക്ഷണത്തിലൂടെയും പഠിക്കാൻ ഫിസിക്സിനും കെമസ്റ്റിക് ബയോളജിക്കും പ്രത്യേകമായി ലാബ് സൗകര്യം ഒരുക്കേണ്ടതുണ്ട്

5.ഐടി പഠനം കൂടുതൽ കാര്യക്ഷമമാക്കാൻ കൂടുതൽ കമ്പ്യൂട്ടറുകൾ സ്ഥാപിക്കണം

6. ആധുനിക സൗകര്യങ്ങളോടുകൂടി അടുക്കള നിർമിക്കണം

# വിഷയമേഖലകൾ

പൊതു വിദ്യാഭ്യാസ ചാച്ചീകരണത്തിന് സർഗാത്മകവും സമയബന്ധിതവുമായി പൂർത്തീകരിക്കുന്ന പ്രവർത്തന പദ്ധതികൾക്ക് വിഷയാടിസ്ഥാനത്തിൽ രൂപം നൽകണം 2025 26 കാലയളവിൽ പൂർത്തിയാക്കുന്ന പ്രവർത്തന പദ്ധതികളുടെ വിശദാംശമാണ് ഇതിൽ ഉൾ ചേർക്കുന്നത്

ഇംഗ്ലീഷ് കണക്ക് സയൻസ് സോഷ്യൽ സയൻസ് മലയാളം സംസ്കൃതം ഹിന്ദി കായികം കലാ പ്രവർത്തി പരിചയം കൗൺസിലിംഗ് ശുചിത്വം ആരോഗ്യം തുടങ്ങിയ മേഖലകളിലെ വിഷയവുമായി ബന്ധപ്പെട്ട പദ്ധതികളും അവയുടെ പ്രവർത്തനങ്ങളും ലക്ഷ്യങ്ങളും കാലയളവും ചുമതലകളും മോണിറ്ററിങ്ങും ആണ് ഇവയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്....

മേഖല: യു. പി

അക്കാദമിക മാസ്റ്റർപ്ലാൻ- അടിസ്ഥാനശാസ്ത്രം

---

| നമ്പർ | പഠനലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | ശാസ്ത്രപ്രവർത്തനങ്ങൾ, പരീക്ഷണങ്ങൾ എന്നിവയിൽ ലാബ് @ഹോം, ശാസ്ത്രകിറ്റ് എന്നിവ പ്രയോജനപ്പെടുത്തുന്നതിന് . | കുട്ടികൾക്കും, അധ്യാപികയും ശാസ്ത്രകിറ്റ് *നിലവിലെ ശാസ്ത്രകിറ്റിൽ ഉൾപ്പെടുത്തേണ്ട സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>*സാധങ്ങൾ ശേഖരിക്കൽ, ശേഖരിച്ച സാധനങ്ങളുടെ ചിട്ടയായ ക്രമീകരണം<br>*ക്ലാസ്സ്റൂം പ്രവർത്തനങ്ങളിലെ ഉൽപ്പന്നങ്ങൾ | ജൂൺ | ശാസ്ത്രാ ധ്യാപിക |
| 2 | ശാസ്ത്ര സാങ്കേതിക മേഖലകളിലെ മനുഷ്യ നേട്ടങ്ങൾ മനസ്സിലാക്കാനും പ്രചോദനം ഉൾക്കൊള്ളാനും കഴിയുന്നതിനു | ചാന്ദ്രദിന ആഘോഷം | ജൂലൈ | സയൻസ് ക്ലബ് |
| 3 | ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യത കളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനാ യി പ്രയോഗനപ്പെടുത്തുന്നതി നായി. | ICT യുടെ സഹായത്തോടെ<br>ശാസ്ത്ര വിസ്മയങ്ങൾ<br>കുട്ടികളിലേക്ക് എത്തിക്കുന്നു.<br>പുതിയ കണ്ടെത്തലുകൾ,<br>ശാസ്ത്രസത്യങ്ങൾ,<br>ശാസ്ത്രകാരൻമാരുടെ<br>ജീവചരിത്രങ്ങൾ.<br>പാഠഭാഗവുമായി ബന്ധപ്പെട്ട<br>കൂടുതൽ അറിവുകൾ<br>എന്നിവയുടെ വീഡിയോ<br>പ്രദർശനം. | ഓഗസ്റ്റ് | സയൻസ് ക്ലബ്,ശാസ്ത്രാ ധ്യാപിക |
| 4 | ശാസ്ത്ര പ്രക്രിയാ ശേഷി വിജയിപ്പിക്കുക. | *ശാസ്ത്ര പാഠഭാഗവുമായി | സെപ്റ്റം | ശാസ്ത്രാ ധ്യാപിക |

| | | | | |
|---|---|---|---|---|
| | | ബന്ധപ്പെട്ട് ശാസ്ത്രവിസ്മയ<br><br>ച്ചുമർ ഓരോ ക്ലാസ്സിലും<br><br>നിർമ്മിക്കുന്നു.<br><br>*കുട്ടികളിൽ ശാസ്ത്രവബോധം<br><br>വർദ്ധിപ്പിക്കുന്നതിനായി<br><br>ക്ലാസ്സുകളിൽ ശാസ്ത്രമാസിക<br><br>കൾ ഉൾക്കൊള്ളിച്ചു<br><br>ശാസ്ത്രലൈബ്രറി | ബർ | |
| 5 | ശാസ്ത്രചിന്ത, പരീക്ഷണ ശേഷി എന്നിവ പരിപോഷിപ്പിക്കുകയും, ശാസ്ത്ര പഠനത്തിൽ ഔന്നിത്യം നേടുകയും ചെയ്യുന്നതിന് | *ശാസ്ത്രപ്രതിഭ പരിപോഷണ<br><br>പരിപാടി<br><br>*ശാസ്ത്രക്വിസ് പരിശീലനം (മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി). ക്ലാസ്സ്, സ്കൂൾ തല മത്സരങ്ങൾ സംഘടിപ്പിക്കുന്നു. വിജയികളെ ശാസ്ത്രമേള്ക്ക് തയ്യാറാക്കുന്നു<br><br>*USS ശാസ്ത്രവിഷയങ്ങൾക്ക് കൂടുതൽ പരിശീലനം നൽകൽ. | സെ പ്റ്റം ബർ, ഒ ക്ടോ ബർ | • ശാസ്ത്രാ ധ്യാപിക |
| 6 | പ്രകൃതി പ്രതിഭാസങ്ങളെ നിരീക്ഷിക്കുന്നതിനും, അവയുടെ കാരണങ്ങൾ അന്വേഷിക്കുന്നതിനും ഉള്ള മനോഭാവം വളർത്തുന്നതിനും, അന്ധ വിശ്വാസങ്ങൾക്കെതിരെ നിലപാടുസ്വീകരിക്കുന്ന ത്തിനും | വിദഗ്ദ്ധരെ പങ്കെടുപ്പിച്ച<br><br>കൊണ്ടുള്ള ജ്യോതിശാസ്ത്ര<br><br>ക്ലാസ്സ് | നവം ബർ | സയൻസ് ക്ലബ് |
| 7 | ശാസ്ത്രത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ശാസ്ത്രത്തിൽ പിന്നോക്കം<br><br>നിൽക്കുന്ന കുട്ടികളെ<br><br>കണ്ടെത്തി, അധ്യാപികയും,<br><br>മുൻനിരയിൽ നിൽക്കുന്ന<br><br>കുട്ടികളും ചേർന്ന് വേണ്ട<br><br>മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. | ഡി സം ബർ (ജൂ ൺ മുത ലേ ഉള്ള ത്) | സയൻസ് ക്ലബ്, ശാസ്ത്രാ ധ്യാപിക |

| | | | | |
|---|---|---|---|---|
| | | പോരായ്മകൾ കണ്ടെത്തി<br><br>ആവശ്യമായ പ്രവർത്തനങ്ങൾ<br><br>നൽകുന്നു. | | |
| 8 | വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ<br><br>ദിനാചാരണങ്ങളുമായി<br><br>ബന്ധപ്പെട്ട നടത്തേണ്ട<br><br>പ്രവർത്തനങ്ങൾ SRG യിൽ<br><br>രൂപപ്പെടുത്തുന്നു. നിശ്ചിത<br><br>ദിവസങ്ങളിൽ ഇത് സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG(HS) SRG(UP) |
| 9 | ശാസ്ത്രമികവ് സമൂഹത്തിനു മുമ്പിൽ പ്രദർശിപ്പിക്കാൻ കഴിയുന്നു | ശാസ്ത്രപഠനത്തിൽ തന്റെ<br><br>മികവ് പ്രദർശിപ്പിക്കൻ<br><br>കുട്ടികൾക്കു അവസരം<br><br>നൽകുന്നു. (മികവുത്സവം<br><br>സംഘടിപ്പിക്കുന്നു) | ഫെബ്രുവരി | സയൻസ് ക്ലബ്, വിവിധ ക്ലബ്ബുകൾ |

# ACADEMIC MASTER PLAN UP SOCIAL SCIENCE 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിൻ്റെ അടിസ്ഥാന അറിവുകൾ ആശയങ്ങൾ എന്നിവയിലെ മുന്നറിവ് പരിശോധിക്കലും നേടിയെടുക്കലും | സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട പഠിതാവിൻ്റെ അടിസ്ഥാന അറിവ് പരിശോധിക്കുന്നതിനാവശ്യമായ ചോദ്യങ്ങൾ നൽകുന്നു.<br>ICT സാധ്യതകൾ ഉപയോഗിച്ച് പഠിതാവിൻ്റെ അറിവുകൾ പരിശോധിക്കുകയും അടിസ്ഥാന വിവരങ്ങൾ നൽകുകയും ചെയ്യുന്നു.<br>സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കൽ. | ICT ഉപയോഗിച്ച് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളും സ്മാരകങ്ങളും മറ്റും പ്രദർശിപ്പിക്കുന്നു.<br>ദിനാചരണങ്ങളിലൂടെ ചരിത്ര നായകന്മാരെയും നാട്ടിലെ മുതിർന്ന വ്യക്തിത്വങ്ങളുമായുള്ള അഭിമുഖങ്ങളിലൂടെ നാടിൻ്റെ ചരിത്രവും കുട്ടികൾ മനസ്സിലാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ, രക്ഷിതാക്കൾ. | സാമൂഹ്യ ശാസ്ത്ര ക്ലബ് |
| വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗത്തെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും ബോധവാന്മാരാക്കുന്നു | പോലീസിൻ്റെയും മറ്റ് പ്രമുഖ വ്യക്തിത്വങ്ങളുടെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ ലഹരി ഉപയോഗത്തിൻ്റെ ദൂഷ്യവശങ്ങൾ , സൈബർ കുറ്റകൃത്യം തുടങ്ങിയ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷാരംഭം. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ, | പി.ടി.എ. |

## ACADEMIC MASTER PLAN UP SOCIAL SCIENCE 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജനാധിപത്യപരമായ സമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭകൾ സന്ദർശിച്ച് പ്രാധാന്യം മാനസ്സിലാക്കുന്നു. ക്ലാസ്സ് സഭകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. | അക്കാദമിക വർഷം. | രക്ഷിതാക്കൾ, അധ്യാപകർ. | |
| സഹജീവികളോട് സമഭാവന വളർത്തിയെടുക്കുന്നു. | സമൂഹത്തിലെ ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസമാകുന്ന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നു. | അക്കാദമിക വർഷം. | സാമൂഹ്യ ശാസ്ത്ര ക്ലബ്. | പി. ടി. എ. |
| പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കുകയും ദുരന്തങ്ങളെ അതിജീവിക്കാൻ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | ICT സാധ്യതകൾ പ്രയോജനപെടുത്തി പ്രകൃതി ദുരന്തങ്ങളെ കുറിച്ച് അവബോധം സൃഷ്ടിക്കുകയും ബോധവത്കരണ ക്ലാസുകളിലൂടെ അവയെ അതിജീവിക്കാൻ പ്രാപ്തരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ. | സാമൂഹ്യ ശാസ്ത്ര ക്ലബ് |
| സുസ്ഥിര വികസന കാഴ്ചപാട് രൂപപ്പെടുത്തുന്നു. | മനുഷ്യരുടെ ഇടപെടൽ മൂലം നിലനിൽപ്പ് ഭീഷണിയാകുന്ന കണ്ടൽകാടുകൾ ജലാശയങ്ങൾ തുടങ്ങിയ സംരക്ഷിക്കുന്ന പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു. നാട്ടിലെ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന | അക്കാദമിക വർഷം. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ. | പി. ടി. എ. |

# ACADEMIC MASTER PLAN UP SOCIAL SCIENCE 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠിതാക്കളുടെ സാമൂഹ്യ ശാസ്ത്ര നിലവാരം ഉയർത്തുന്നു | മത്സര പരീക്ഷകളിൽ വിജയം നേടാൻ പ്രാപ്തരാക്കുന്ന രീതിയിൽ പൊതുവി ജ്ഞാനവും ചരിത്ര അവബോധവും വളർത്താൻ ഉതകുന്ന ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം. | | |

വിഷയം : കണക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു.<br><br>2) വിദ്യാർത്ഥികളുടെ ഗണിതപരമായ വിഷയങ്ങളിലെ അടിസ്ഥാനപരമായ കഴിവുകൾ മനസ്സിലാക്കുകയും വിലയിരുത്തുകയും ചെയ്യുക.<br><br>3) ഗണിതത്തിൽ താല്പര്യമുണ്ടാക്കുക, ഗണിത പ്രശ്നങ്ങളെ കുറിച്ച് ചർച്ച ചെയ്യുക, ക്രിയാത്മക ചിന്തകൾ വളർത്തുക, വിദ്യാർത്ഥികൾക്ക് പരസ്പരം സഹകരിക്കാൻ അവസരം നൽകുക.<br><br>4) ഗണിത പഠനം രസകരവും ലളിതവുമാക്കൽ<br><br>5) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു.<br><br>6) കുട്ടികളിലെ കൃത്യത, | ഗണിത ശില്പശാല<br><br>കളി രീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. ( നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ,ഫ്ലാഷ് കാർഡുകൾ..... ഉപയോഗിക്കുന്നു)<br><br>പ്രീ ടെസ്റ്റ്<br><br>കുട്ടികളിൽ ഗണിതപരമായ കഴിവുകൾ, താല്പര്യങ്ങൾ എന്നിവ വളർത്തിയെടുക്കും വിധം ചോദ്യങ്ങൾ, ടെസ്റ്റുകൾ, അഭിമുഖങ്ങൾ.....<br><br>ഗണിത ക്ലബ്ബ്<br><br>പാഠഭാഗവുമായി ബന്ധപ്പെട്ട് കുട്ടികൾ വിവിധ വസ്തുക്കൾ ഉണ്ടാക്കുകയും അവ പ്രദർശിപ്പിക്കുകയു ◌ം ചെയ്യുന്നു. ഗണിതവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നു.. വിവിധ മത്സരങ്ങളിൽ കുട്ടികളെ | സെപ്റ്റംബർ<br><br>ആവശ്യാനുസരണം<br><br>മാസത്തിൽ ഒരു തവണ<br><br>ആവശ്യാനുസരണം<br><br>ആഴ്ചയിൽ ഒരു പീരീഡ്<br><br>മാസത്തിൽ ഒരുതവണ<br><br>ആവശ്യാനുസരണം | ഗണിത അധ്യാപകൻ<br><br>ഗണിത അധ്യാപകൻ<br><br>അധ്യാപകനും ക്ലബ്ബ് അംഗങ്ങളും<br><br>ഗണിത അധ്യാപകൻ<br><br>ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും<br><br>ഗണിത അധ്യാപകൻ<br><br>SRG |

| | | | |
|---|---|---|---|
| വേഗത,ആത്മവിശ്വ ാസം എന്നിവ വർദ്ധിപ്പിക്കുക, ആശയ വ്യക്തത പരിശോധിക്കുക<br><br>7) വിവിധ ശേഷികളുടെ വികസനം | പങ്കെടുപ്പിക്കുക,ദിന ാചരണങ്ങൾ നടത്തുക, ഗണിത പ്രവർത്തനങ്ങളിൽ പങ്കാളികളാകുക തുടങ്ങിയവ.<br><br>ഗണിത ലാബ്<br><br>അത്യാവശ്യം സൗകര്യമുള്ള ഒരു മുറിയിൽ ഗണിതശാസ്ത്രത്തി ന്റെ ഫലപ്രദമായ പഠനത്തിനും അധ്യാപനത്തിനും ഉപയോഗപ്രദമായ ഉപകരണങ്ങൾ സൂക്ഷിക്കുന്നു.<br><br>ഗണിത ക്ലിനിക്ക്<br><br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു.<br><br>ഗണിത ക്വിസ്<br><br>അടിസ്ഥാന ഗണിത പ്രവർത്തനങ്ങളെ യും ജാമിതീയ ആശയങ്ങളെയും അടിസ്ഥാനമാക്കി, കുട്ടികൾക്ക് വിഷയത്തെക്കുറിച്ചു ള്ള അറിവ് | | |

| | | | |
|---|---|---|---|
| | വർദ്ധിപ്പിക്കുന്നതിന ◌ായി തയ്യാറാക്കിയ ചോദ്യങ്ങൾ നൽകുന്നു.<br><br>ദിനാചരണം<br><br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | | |
| | | | |
| | | | |

മേഖല: അക്കാദമികം ... ഉപമേഖല: ഹിന്ദി

| SI.NO | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | യുപി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങൾ പദങ്ങൾ ആശയങ്ങൾ ഉറപ്പിക്കൽ | *അക്ഷരം എഴുത്ത്<br>*ചിഹ്നം ഉറപ്പിക്കൽ<br>*അക്ഷര മാല പ്രദർശനം<br>*വാക്കുകൾ നിർമാണം<br>*വാക്കുകൾ എഴുതിയ കാർഡുകൾ<br>*വാക്യനിർമാണം | June to august | അക്ഷരചാർട്ട്<br><br>പാഠപുസ്തകം | BRC<br>DIET<br>SCERT<br>RESOURCE TEACHER |
| 2 | വീട് ഒരു പരീക്ഷണശാല (കാണുകയും കേൾക്കുകയും ഉപയോഗിക്കുന്നതും ആയ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക) | *വീട്ടുപകരണങ്ങൾ ഉൾപ്പെടുന്ന വസ്തുക്കളുടെ പട്ടിക തയ്യാറാക്കുക<br><br>*ICT സഹായത്തോടെ വാക്കുകൾ പരിശീലിക്കാനുള്ള അവസരം<br><br>*CWSN കുട്ടികളുടെ പങ്കാളിത്തം | sept to octo | ഹിന്ദി നിഘണ്ടു | PTA<br><br>BRC<br><br>Resource teacher |
| 3 | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാൻ സർഗാത്മക രചകൾ വികസിപ്പിക്കാൻ അവസരം (സുരീലി ഹിന്ദി) | *ഹിന്ദി അസംബ്ലി<br>*ദിനാചരണങ്ങൾ<br>*Class ലൈബ്രറി<br>*ചിത്ര കഥ തയ്യാറാക്കൽ<br>*വയനാമൂല<br>*ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ | Nov to Feb | പുസ്തകങ്ങൾ | BRC<br><br>DIET<br><br>PTA<br><br>Resource teacher |

അക്കാദമിക മാസ്റ്റർ പ്ലാൻ കല

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ,സാമ്പത്തികം |
|---|---|---|---|---|---|
| 1 | ചിത്രകല പരിപോഷണം | • പ്രത്യേക മുറി സജ്ജമാക്കി ഉപകരണങ്ങൾ ഒരുക്കൽ<br>• സർഗാത്മകത തിരിച്ചറിയൽ<br>• പരിശീലനം | ജൂൺ,ജൂലൈ | ആർട്ട് അധ്യാപകൻ | എസ് ആർ ജി, എസ് എം സി, പിടിഎ |
| 2 | ചിത്രകല പരിശീലന ക്യാമ്പ് | • ചിത്രകലയിൽ താല്പര്യമുള്ളവർക്ക് അവധിക്കാലത്ത് നാല് ദിവസം നീളുന്ന ക്യാമ്പ് | അവധിക്കാലം | ആർട്ട് അധ്യാപകൻ | എസ് ആർ ജി, എസ് എം സി, പിടിഎ, **R s. 10,000/** |
| 3 | കേരള സ്കൂൾ കലോത്സവം പരിപാടികൾക്കായി കുട്ടികളെ തയ്യാറാക്കൽ | തിരഞ്ഞെടുക്കപ്പെട്ടന്നവർക്ക് ഒഴിവുദിന പരിശീലനം | ഒഴിവു ദിനങ്ങൾ | ആർട്ട് അധ്യാപകൻ | എസ് ആർ ജി, എസ് എം സി, പൂർവ്വ വിദ്യാർത്ഥികൾ |

മേഖല: അക്കാദമികം

ഉപമേഖല :പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| ഭാഷ മാനവിക ശാസ്ത്ര പഠനത്തോടൊപ്പം തൊഴിൽ പരിചയം നേടി തനിക്കും സമൂഹത്തിനും മുതൽക്കൂട്ടാവുക | 1.ഉപകരണങ്ങളും മെറ്റീരിയലുകളും ഒരിക്കൽ 2.വൈഭവം കണ്ടെത്താനുള്ള ശ്രമങ്ങൾ 3.തിരഞ്ഞെടുക്കപ്പെടുന്നവർക്കുള്ള സൗജന്യ പരിശീലനം | ആഴ്ചയിൽ മൂന്ന് ദിവസം | വർക്ക് എക്സ്പീരിയൻസ് ടീച്ചർ | എസ്.ആർജി, എസ് എം സി,ആരോഗ്യ വകുപ്പ്, പിടിഎ |
| സ്കൂൾ ക്രാഫ്റ്റ് മേള | 1 കുട്ടികൾ നിർമ്മിച്ച കുട, ചോക്ക്,എൽഇഡി,ബാഗ്,നോട്ട് ബുക്ക്, തുന്നൽ എംബ്രോയ്ഡറി,കൊത്തുപണികൾ,തുണി ഉൽപ്പന്നം,അലങ്കാര ഉത്പന്നങ്ങൾ തുടങ്ങിയവ രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കുമായി പ്രദർശിപ്പിക്കും 2. വിൽപ്പന | നവംബർ | വർക്ക് എക്സ്പീരിയൻസ് ടീച്ചർ | കായികാധ്യാപകൻ, എസ് എം സി,പിടിഎ, പൂർവ്വവിദ്യാർഥികൾ, നഗരസഭ |
| ഉപജില്ല ജില്ലാ സംസ്ഥാന പ്രവർത്തി പരിചയ മത്സരങ്ങൾക്കായി കുട്ടികളെ | 1.തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒഴിവുദിന പ്രവർത്തി പരിചയ പരിശീലനങ്ങൾ | വെക്കേഷൻ മറ്റ് അവധി ദിനങ്ങളിൽ | വർക്ക് എക്സ്പീരിയൻസ് ടീച്ചർ | Smc പി ടിഎ വിദ്യാർഥികൾ |

| | | | | |
|---|---|---|---|---|
| തയ്യാറാക്കി എടുക്കൽ | | | | |

സ്പോർട്സ് മാസ്റ്റർ പ്ലാൻ
2025 - 2026

| | | | | | | |
|---|---|---|---|---|---|---|
| പ്രധാന കായികവിഭാഗങ്ങൾ<br>ഫുട്ബോൾ, അത്ലറ്റിക്സ് - പ്രധാനമാക്കിയ മേഖലകൾ<br><br>അടിസ്ഥാന തത്വങ്ങൾ, കായികശേഷി, സഹകരണം, പ്രതികരണക്ഷമത എന്നിവയിൽ പരിശീലനം<br><br>മത്സരങ്ങൾ, ടീമുകൾ, റെഗുലർ പരിശീലന ക്ലാസുകൾ<br>വോളിബോൾ<br><br>സേവനം (Serve)<br><br>പാസിംഗ് (Passing)<br><br>സ്പൈക്കിംഗ് (Spiking)<br><br>ടീം തന്ത്രങ്ങൾ (Team Strategies)<br><br>അത്ലറ്റിക്സ്<br><br>ട്രാക്ക്: 100m, 200m, 400m ഓട്ടം<br><br>ഫീൽഡ്: ലാംഗ് ജമ്പ്, ഹൈജമ്പ്, ഷോട്ട് പുട്ട്, ഡിസ്കസ്, ജാവലിൻ | വാർഷിക ലക്ഷ്യങ്ങൾ<br><br>കഴിവുള്ള വിദ്യാർത്ഥികളുടെ തിരഞ്ഞെടുത്ത പരിശീലനം (Talent Identification)<br><br>ഉപജില്ല/ ജില്ലാ തല മത്സരങ്ങളിൽ പങ്കെടുപ്പിക്കുക<br><br>നേതൃത്വം, അച്ചടക്കം, ടീം സ്പിരിറ്റ്, കായികശേഷി എന്നിവ വികസിപ്പിക്കുക<br><br>പെൺകുട്ടികളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക | കാലപരിധി: ജൂൺ 2025 - മാർച്ച് 2026 | സൗകര്യവും റിസോഴ്സുകളും<br><br>വോളിബോൾ കോർട്ടിന്റെ നവീകരണം: നെറ്റ്, പോസ്റ്റുകൾ, ലൈൻ മാർക്കിംഗ്<br><br>അത്‌ലറ്റിക്സ്: അടിസ്ഥാന ട്രാക്ക് & ഫീൽഡ് സൗകര്യങ്ങൾ<br><br>സ്പോർട്സ് കിറ്റുകൾ: ബോൾ, ജേഴ്സി, ഷൂസ്, ഫസ്റ്റ് എയ്ഡ് കിറ്റുകൾ<br><br>ഉപകരണ പരിപാലനം: റെഗുലർ ഇൻസ്പെക്ഷൻ, ശുചിത്വം | വ്യക്തിഗത ശ്രദ്ധ & പങ്കാളിത്തം<br><br>തിരഞ്ഞെടുത്ത താരങ്ങൾക്ക് പ്രത്യേക പരിശീലന പദ്ധതി<br><br>തുടർച്ചയായ ഫിറ്റ്നസ് നിരീക്ഷണം<br><br>പെൺകുട്ടികളുടെ പങ്കാളിത്തം ലക്ഷ്യമാക്കി സെപറേറ്റ് സെഷനുകൾ<br><br>അഭിപ്രായ ശേഖരണം: കുട്ടികളിൽ നിന്ന് നിരന്തരം | പിന്തുണയും പ്രമോഷനും<br><br>കായിക സംസ്കാരം മെച്ചപ്പെടുത്താൻ ക്ലാസ് / സെമിനാർ<br><br>PTA, പൂർവ്വ വിദ്യാർത്ഥികൾ, സ്കൂൾ മാനേജ്മെന്റുമായി സഹകരണം<br>വിജയങ്ങൾ പ്രചാരണം:<br><br>സ്കൂൾ നോട്ടീസ് ബോർഡ്<br><br>അസംബ്ലി പ്രഖ്യാപനങ്ങൾ<br><br>സോഷ്യൽ മീഡിയ / സ്കൂൾ ന്യൂസ് ലെറ്റർ | പ്രകടന അവലോകനം<br><br>മാസംതോറും നൈപുണ്യ നിരീക്ഷണം<br><br>ഇന്റർനൽ മൂല്യനിർണ്ണയ റിപ്പോർട്ടുകൾ<br><br>താരങ്ങളെ കേന്ദ്രീകരിച്ച റെക്കോർഡ് അപ്ഡേഷൻ<br><br>തീയതികൾ, മത്സര പങ്കാളിത്തം, വിജയം രേഖപ്പെടുത്തൽ |

| | | | | | | |
|---|---|---|---|---|---|---|

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**മേഖല : അക്കാദമികം** **(ഹൈസ്കൂൾ വിഭാഗം)** **ഉപമേഖല : മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ഭൗതിക സൗകര്യങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|---|
| 1. ഭാഷാപരമായി ന്യൂനതകൾ മനസിലാക്കി പരിഹരിക്കാൻ ശ്രമിക്കൽ.<br><br>2. വായനാശീലം വളർത്തൽ ലൈബ്രറി ഉപയോഗം.<br><br>3. ശരിയായ ചിഹ്നം ഉപയോഗിച്ച് എഴുതാൻ പരിശീലനം.<br><br>4.എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായ രീതിയിൽ എഴുതാനും വായിക്കാനും ഉള്ള പരിശീലനം നൽകൽ.<br><br>5.അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ.<br><br>6.ഭാഷാഭേദങ്ങൾ പരിചയപ്പെടുക.<br><br>7.വായിക്കാനും എഴുതാനും ഉള്ള കഴിവുകൾ വളർത്തുന്നതിനുള്ള പരിശീലനങ്ങൾ നൽകുക. | 1.ഓരോ അധ്യായത്തിന് ശേഷവും ക്ലാസ് ടെസ്റ്റ് നടത്തുന്നു.<br><br>2.കവിത,കഥ, നാടകം തുടങ്ങിയ സർഗാത്മക പ്രവർത്തനങ്ങൾ നടത്തുന്നു.<br>3.ഗ്രൂപ്പ് ഡിസ്കഷൻ നടത്തുന്നു.<br><br>4.കുട്ടികൾ ഗ്രൂപ്പ് ആയി തിരിഞ്ഞ് ചെറു ലേഖനങ്ങൾ പത്രമാസികകളിൽ വരുന്നതുപോലെ എഴുതുന്നു.<br><br>5.അതിലൂടെ എല്ലാം ചിത്രരചന, കാർട്ടൂൺ തുടങ്ങിയ കുട്ടികളുടെ സർഗാത്മക കഴിവുകൾ ക്രമേണ വെളിവാക്കപ്പെടുന്നു.<br><br>6.മലയാളം ഭാഷാ സാഹിത്യ ക്വിസ്, കവിത, കഥ രചനകൾ, ഉപന്യാസം, ചെറു നാടക രചനകൾ എന്നിവ ക്ലാസ് റൂമുകളിൽ കുട്ടികൾ എഴുതുന്നു അവ ഗ്രൂപ്പായി അവതരിപ്പിക്കുന്നു.<br><br>7.പുതിയ മാധ്യമങ്ങൾ ആയ സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള, സിനിമകൾ ഡോക്യുമെന്ററികൾ തുടങ്ങിയവ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു.<br><br>8.ആഴ്ചയിൽ ഒരു ദിവസം പത്രപാരായണം ഉണ്ടായിരിക്കുന്നതാണ്.<br><br>9.മലയാളം ഭാഷയുമായി ബന്ധപ്പെട്ടിട്ടുള്ള ദിവസങ്ങൾ അവയുടെ പ്രത്യേകതകൾ തുടങ്ങിയവയെ കുറിച്ചുള്ള അവതരണങ്ങൾ ക്ലാസ് റൂമുകളിൽ നടത്തുന്നതാണ്.<br><br>10.വായിച്ച പുസ്തകങ്ങളുടെ ആശയം വിശദീകരിക്കുന്ന ഗ്രൂപ്പ് ഡിസ്കഷൻ ഉണ്ടായിരിക്കുന്നതാണ്.<br><br>11. ആസ്വാദനകുറിപ്പ് തയ്യാറാക്കൽ. | 1. ലൈബ്രറി പുസ്തകങ്ങൾ<br>2. ദിനപത്രങ്ങൾ.<br>3. പാഠ പുസ്തകങ്ങൾ. | ജൂൺ 2025 - മാർച്ച് 2026. | 1.പുസ്തകങ്ങൾ.<br>2.ചിത്രങ്ങൾ.<br>3.വിഡിയോകൾ. | |

••••••••••••••

- **മലയാളം ലൈബ്രറി**
  കഥകൾ, കവിതകൾ, നോവലുകൾ, യാത്രാ വിവരണങ്ങൾ, സിനിമ തിരക്കഥ. തുടങ്ങിയവ ഉൾപ്പെടുത്തി മലയാളം ലൈബ്രറിയുടെ നിർമ്മാണം.
- **മലയാളഭാഷാ ആചരണം**
  സർഗാത്മക മത്സരങ്ങൾ ചെറുകഥ, കവിത, യാത്രാ വിവരണം എന്നീ പരിപാടികളോടെ സമുചിതനമായി ആചരിക്കൽ.
- **മലയാള സംഭാഷണ ശിബിരം**
  മലയാള സംഭാഷണ പാടവം മെച്ചപ്പെടുത്താനായി സംഭാഷണ ശിബിരങ്ങൾ സംഘടിപ്പിക്കൽ.
- **പഠന യാത്രകൾ സംഘടിപ്പിക്കൽ**
  മലയാളം കൗൺസിലിന്റെ നേതൃത്വത്തിൽ പഠന യാത്രകൾ സംഘടിപ്പിക്കൽ.
- **വിവിധ മത്സരങ്ങൾ**
  കഥാ രചന,കവിതാ രചന,ഉപന്യാസ രചന, ക്വിസ്,തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.
- **ഐ.ടി. സാധ്യതകളെ പ്രയോജനപ്പെടുത്തൽ**
  ICT വഴി Victers ചാനൽ, സമഗ്ര പോർട്ടൽ എന്നിവയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

%%%%%%%%%%%%%%

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**മേഖല – അക്കാദമികം** **(UP & HS)** **ഉപമേഖല: സംസ്കൃതം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **പഠനോപ-കരണങ്ങൾ** | **സാമ്പത്തികം** |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.<br>• ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.<br>• എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.<br>• സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തങ്ങൾ<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>• ഭാഷാലാബ് | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ, മാഗസിനുകൾ<br>• രചനാ ശില്പശാലകൾ<br>• സംസ്കൃതദിനാചരണം / അസംബ്ലി<br>• ഒഴിവുസംയങ്ങളിൽ പ്രത്യേക ക്ലാസ്<br>• വായനമൂല, പദപ്പയറ്റ്, ചോദ്യോത്തരപയറ്റ്, നിഘണ്ടു നിർമാണം, മാഗസിൻ നിർമാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമാണം, കഥ - ഉപന്യാസം രചിക്കൽ & അവതരണം etc...<br>• വിവിധസാഹിത്യശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച് / ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc...<br>• വിവിധ കലാരൂപങ്ങളുടെ demonstration | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ etc.. | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## PROJECT (SANSKRIT)

- **സംസ്കൃതം ലൈബ്രറി**
  സംസ്കൃതഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിതഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം.

- **സംസ്കൃതദിനാചരണം**
  സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ

- **സംസ്കൃത അസംബ്ലി**
  വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

- **സംസ്കൃതസംഭാഷണ ശിബിരം**
  സംഭാഷണപാടവം മെച്ചപ്പെടുത്താനായി സംഭാഷണശിബിരങ്ങൾ സംഘടിപ്പിക്കൽ.

- **പഠനയാത്രകൾ സംഘടിപ്പിക്കൽ**
  സംസ്കൃതകൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.

- **വിവിധ മത്സരങ്ങൾ**
  കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

- **മികച്ച വിദ്യാർത്ഥികൾക്ക് മത്സരപ്പരീക്ഷൾക്കുള്ള പ്രത്യേകപരിശീലനം**
  സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു എസ് എസ് പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ.

- **ഐ ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ**
  വിക്ടേഴ്സ്ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ. സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ , ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ.

മേഖല — ഹൈസ്കൂൾ —ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **1,** ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക. | സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്<br>ഇംഗ്ലീഷ് ലൈബ്രറി നവീകരണം<br>ഇംഗ്ലീഷ് കോർണർ<br>സ്റ്റോറി ടൈം<br>ഇംഗ്ലീഷ് അസംബ്ലി | അവധിക്കാലം/ശനിയാഴ്ചകൾ | പി. ടി. എ, ടീച്ചേർസ് | പി. ടി. എ<br><br>ഇംഗ്ലീഷ് ക്ലബ് |
| **2,** ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | സിനിമ**&** ഡോക്യുമെന്ററി **-**പ്രൊഫൈൽ**&** സ്ക്രിപ്റ്റ് തയ്യാറാക്കുന്നതിന് വേണ്ടി ഇംഗ്ലീഷ് സിനിമയുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ്സ്‌റൂം പ്രവർത്തനങ്ങളോടൊപ്പം<br><br>അക്കാദമിക വർഷം | ടീച്ചേർസ്, **SRG**<br><br>ഇംഗ്ലീഷ് അധ്യാപകർ | പി. ടി. എ, ഇംഗ്ലീഷ് ക്ലബ് |
| **3,** സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | റോൾപ്ലേ,ഇംഗ്ലീഷ് ഡേ ആചരണം,സെമിനാർ ചർച്ചകൾ പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്തു കൊറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | ക്ലാസ്സ്‌റൂം പ്രവർത്തനത്തോടൊപ്പം | പി. ടി. എ, **SRG**, ടീച്ചേർസ് | പി. ടി. എ |
| **4,** നാടകീകരണം | സ്കൂൾ ഇംഗ്ലീഷ് വോയിസ്,അക്ഷര കാർഡ്, പദ കാർഡ്,വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ്സ്‌റൂം പ്രവർത്തനങ്ങൾ, അസംബ്ലി | ടീച്ചേർസ് | |
| | ചിത്ര വായന,ലഘു കഥ നിർമ്മാണം,പബ്ലിക് സ്പീക്കിംഗ്,ഗെയിംസ് , ഇംഗ്ലീഷ് പത്രവായന,പത്രവാ | ക്ലാസ്സ്‌റൂം പ്രവർത്തനങ്ങ | **SRG**, ടീച്ചേർസ് | |

| | | | | |
|---|---|---|---|---|
| | ർത്തകൾ തയ്യാറാക്കൽ,എന്റെ ഡയറി,ന്യൂസ് റീഡിങ് കോമ്പറ്റീഷൻ. | ൾ, ശനിയാഴ്ചകൾ | | |
| | ഇംഗ്ലീഷ് അസംബ്ലി,സ്കിറ്റ് ഷോ ഇംഗ്ലീഷ് ലാബ് | | | |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി സ്കിറ്റ് അവതരിപ്പിക്കുന്നു. | | ഇംഗ്ലീഷ് ക്ലബ് | |
| | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം | | | രക്ഷിതാക്കൾ |
| | കവിതാ രചന ആലാപന മത്സരങ്ങൾ നടത്തുന്നു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | | | |
| **5,** കവിതാലാപനത്തിനും കവിതാരചനയ്ക്കും പ്രാപ്തരാക്കുന്നു | ഇംഗ്ലീഷ് ഫസ്റ്റ് ഇംഗ്ലീഷ് ഫിലിം കാണാനുള്ള അവസരം | | | |
| **6,** സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷ വികസനത്തിന് പ്രയോജനപ്പെടുത്തുന്നു | | ക്ലാസ്സ്പ്രവർത്തനങ്ങൾ, വെക്കേഷൻ, ശനിയാഴ്ചകൾ | ഇംഗ്ലീഷ് ക്ലബ് | രക്ഷിതാക്കൾ, ഇംഗ്ലീഷ് ക്ലബ് |
| | | അക്കാഡമിക്ക വർഷത്തിൽ ഒന്ന് | | |

മേഖല: അക്കാദമികം.. ഉപമേഖല: ഹിന്ദി

| SI NO | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു | ജൂൺ ആദ്യവാരം | 8 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർദ്ധിപ്പിക്കുന്നു. CWSN ,SLOW learners കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ. |
| 2 | പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. CWSN,Slow learners കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയെയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തന പാക്കേജ്. | ജൂൺ രണ്ടാം വാരം | 8,9,10 | ഹിന്ദി അധ്യാപകർ മറ്റു ഭാഷ അധ്യാപകർ | എല്ലാ കുട്ടികളിലും ഹിന്ദി ഭാഷ അഭിരുചി വളർത്തിയെടുക്കുക |
| 3 | ഓരോ ക്ലാസിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക,ഹിന്ദി യിൽ എണ്ണം ആഴ്ച മാസം എന്നിവയുടെ ദൈനംദിന അവതരണം. | എല്ലാ ദിവസവും | 8,9 | ഹിന്ദി അധ്യാപകർ | ഹിന്ദി ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം വളർത്തിയെടുക്കുക |
| 4 | CWSN,SLOW LEARNERS കുട്ടികൾക്കായി പ്രത്യേകം പസിലുകൾ ഐസിടി മുഖാന്തിരം പല വർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം. | ആഴ്ചയിൽ ഒരു പ്രാവശ്യം | 8,9,10 | ഹിന്ദി അധ്യാപകർ | CWSN,slow learners കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
| 5 | ഹിന്ദി ഡയറിക്കുറിപ്പുകൾ ജീവനികൾ | ആഴ്ചയിൽ ഒരു പ്രാവശ്യം | 8,9,10 | ഹിന്ദി അധ്യാപകർ | ഹിന്ദി പാഠ്യേതര വിഷയങ്ങളിൽ |

| | | | | | |
|---|---|---|---|---|---|
| | ആത്മകഥകൾ കവിതകൾ കഥകൾ എന്നിവ വായിക്കുക | | | | താൽപര്യം ജനിപ്പിക്കുക |
| 6 | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക,ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണവുമായി ബന്ധപ്പെട്ട് | 9,10 | ഹിന്ദി അധ്യാപകർ | പൊതുവേദികളിൽഹിന്ദി ഭാഷ കൈകാര്യം ചെയ്യുവാനുള്ള അവസരം നൽകുക. |
| 7 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം ഹിന്ദി സിനിമ കാണാനുള്ള അവസരം വാർത്തകൾ കാണാനുള്ള അവസരം. | ജൂലൈ to ഡിസംബർ | 8,9,10 | ഹിന്ദി അധ്യാപകർ ക്ലാസ് അധ്യാപകർ മറ്റ് അധ്യാപകർ | |
| 8 | പാഠപുസ്തകം വായിപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം | 8,9 | ഹിന്ദി അധ്യാപകർ | |
| 9 | ഹിന്ദി പത്രിക തയ്യാറാക്കുക | ജനുവരി | 9,8 | ഹിന്ദി അധ്യാപകർ | |
| 10 | AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാ പഠനം എളുപ്പത്തിൽ ആക്കാനും ഉള്ള പ്രവർത്തന പാക്കേജുകൾ തയ്യാറാക്കുക. | ജൂലൈ to ഡിസംബർ | 8,9,10 | ഹിന്ദി അധ്യാപകർ ക്ലാസ് അധ്യാപകർ മറ്റ് അധ്യാപകർ | |

ഉപമേഖല : ഫിസിക്കൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രാവബോധ ം , ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക ശാസ്ത്രപഠനം രസകരമാക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ പരമാവധി ചെയ്യുന്നുവെന്ന് ഉറപ്പു വരുത്തുക | അക്കാദമിക വർഷം മുഴുവനും | ഫിസിക്കൽ സയൻസ് അധ്യാപകൻ | |
| | സയൻസ് കോർണർ ആരംഭിക്കുക – ശാസ്ത്രവുമായി ബന്ധപ്പെട്ട വാർത്തകൾ, ലേഖനങ്ങൾ, ശാസ്ത്രമാസികകൾ എന്നിവ കുട്ടികൾക്ക് അറിയാനുള്ള അവസരം | ഒന്നാം ടേം | സയൻസ് അധ്യാപകർ, സയൻസ് ക്ലബ് | |
| | ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സംഘടിപ്പിക്കുക | അക്കാദമിക വർഷം മുഴുവനും | വിദ്യാർത്ഥികൾ സയൻസ് അധ്യാപകർ, | |
| | സയൻസ് ഫിലിം പ്രദർശനം സംഘടിപ്പിക്കുക | ഒരുതവണ | ഫിലിം ക്ലബ്, സയൻസ് ക്ലബ് | |
| ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനു ള്ള അവസരം | " കുട്ടിശാസ്ത്രജ്ഞർ " - ലഘുപരീക്ഷണങ്ങൾ കുട്ടികൾക്ക് സ്വയം ചെയ്യാനുള്ള അവസരം ഒരുക്കുക | അക്കാദമിക വർഷം | സയൻസ് അധ്യാപകർ, സയൻസ് ക്ലബ് | |
| ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തു ക | ശാസ്ത്രപ്രദർശനങ്ങൾ സംഘടിപ്പിക്കുക | സപ്തംബർ- ഒക്ടോബർ | സയൻസ് അധ്യാപകർ, സയൻസ് ക്ലബ് | |
| | വിദഗ്ധരുമായി സംവാദങ്ങൾ സംഘടിപ്പിക്കുക | ഒരുതവണ | | |
| | ക്വിസ് മത്സരങ്ങൾ നടത്തുക | ടേമിൽ ഒരുതവണ | | |

| | | | | |
|---|---|---|---|---|
| ശാസ്ത്രമേളകളിൽ മികച്ച വിജയം കൈവരിക്കൽ | ശാസ്ത്രമേളകളിലെ വിവിധ ഇനങ്ങളിൽ വിദ്യാർത്ഥികളെ തയ്യാറാക്കുന്നതിലേക്കായി സ്കൂൾതല മത്സരങ്ങൾ സംഘടിപ്പിക്കുക | ആഗസ്ത്-സപ്തംബർ | സയൻസ് അധ്യാപകർ, സയൻസ് ക്ലബ് | |
| ലാബ് നവീകരണം | ലാബിൽ വാട്ടർകണക്ഷൻ, വാഷ് ബേസിൻ എന്നിവ ഘടിപ്പിക്കുക<br>ഇനിയും ആവശ്യമായ ഉപകരണങ്ങൾ/കെമിക്കലുകൾ വാങ്ങുക | ഒന്നാം ടേം | പി.ടി.എ | പി.ടി.എ ഫണ്ട് |
| ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തുക | PhET, O-lab, Diksha തുടങ്ങിയ Virtual labs ഉപയോഗിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക<br>ICT സങ്കേതങ്ങൾ പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ട് ക്ലാസിൽ പരമാവധി ഉപയോഗിക്കുക | അക്കാദമിക വർഷം | ഫിസിക്കൽ സയൻസ് അധ്യാപകൻ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 - 26

ജി.എസ്.എച്ച്.എസ് എസ് മേപ്പയിൽ

മേഖല - ജീവശാസ്ത്രം എച്ച്.എസ്

| നമ്പർ | ലക്ഷ്യം | പ്രവർതനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | പരിസ്ഥിതി ബോധവൽക്കരണം - പരിസ്ഥിതി ദിനാചരണത്തിന്റ പ്രാധാന്യവും പ്രസക്തിയും വെല്ലുവിളികളും തിരിച്ചറിയൽ<br><br>ലഹരി - ബോധവൽക്കരണം | പരിസ്ഥിതി സംരക്ഷണ പ്രാധാന്യം വെല്ലുവിളി - വിഷയാവതരണം, പ്രതിജ്ഞ, മരം നടൽ | ജൂൺ | സയൻസ് ക്ലബ്ബ്, ഇക്കോ ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്, ഗ്രീൻ ആർമി, ലഹരിവിരുദ്ധ ക്ലബ്ബ് | സയൻസ് അധ്യാപകർ, പിടിഎ |
| 2 | ബഹിരാകാശ വിസ്മയങ്ങൾ പരിചയപ്പെടൽ<br><br>സസ്യസംരക്ഷണ ബോധവൽക്കരണം<br><br>കൃഷിയോട് താൽപര്യം ഉണ്ടാക്കൽ | ചാന്ദ്രദിന പോസ്റ്റർ നിർമ്മാണം, ചാന്ദ്രദിന ക്വിസ്, ചാന്ദ്രദിന പ്രസംഗം, ബഹിരാകാശ വിസ്മയങ്ങൾ - പ്രദർശനം<br><br>സസ്യോദ്യാന നിർമ്മാണം ക്ലാസ് തല സംരക്ഷണം<br><br>കൃഷി തോട്ട നിർമ്മാണം - വീട്ടുകളിൽ | ജൂലൈ | സയൻസ് ക്ലബ്ബ്, ഇക്കോ ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്, ഗ്രീൻ ആർമി, | സയൻസ് അധ്യാപകർ ., പിടിഎ |
| 3 | യുദ്ധവിരുദ്ധ മനോഭാവം ഉണ്ടാക്കൽ | യുദ്ധം ഭീകരത ഡോക്യുമെന്ററി പ്രദർശനം, പോസ്റ്റർ നിർമ്മാണം. സംവാദം | ആഗസ്റ്റ് | സയൻസ് ക്ലബ്ബ്, ജീവശാസ്ത്ര വിഭാഗം | സയൻസ് അധ്യാപകർ ., പിടിഎ |
| 4 | ഗവേഷണ വൈദഗ്ധ്യം വളർത്തൽ | പ്രൊജക്ട്. അവതരണം | സപ്തംബർ | സയൻസ് ക്ലബ്ബ് ജീവശാസ്ത്ര വിഭാഗം, | അധ്യാപകർ ., പിടിഎ |

| | | | | | |
|---|---|---|---|---|---|
| | വാക്സിനേഷൻ ബോധവൽക്കരണം, | ക്ലാസ് - ഹെൽത്ത് ഡിപാർട്ട്മെന്റ് | | ഹെൽത്ത് ക്ലബ്ബ് | |
| 5 | വന്യജീവി സംരക്ഷണ ബോധവൽക്കരണം<br>ഓസോൺ പാളി സംരക്ഷണം<br><br>ശാസ്ത്രാഭിരുചി ഉണ്ടാക്കൽ | ബോധവൽക്കരണ ക്ലാസ്, ശാസ്ത്ര പ്രദർശനം,<br><br>ശാസ്ത്രജ്ഞന്മാരുടെ ചരിത്ര പ്രദർശനം<br>സയൻസ് ക്വിസ് | ഒക്ടോബർ | സയൻസ് ക്ലബ്ബ് ജീവശാസ്ത്ര വിഭാഗം, | അധ്യാപകർ , പിടിഎ |
| 6 | കരിയർ ഗൈഡൻസ് | ജീവശാസ്ത്രത്തിലെ ജോലി സാധ്യത പരിചയപ്പെടുത്തൽ | നവംബർ | സയൻസ് ക്ലബ്ബ് ജീവശാസ്ത്ര വിഭാഗം, ഹെൽത്ത് ക്ലബ്ബ്. | |
| 7 | എയ്ഡ്സ് ബോധവൽക്കരണം<br>കാൻസർ ബോധവൽക്കരണം | വീഡിയോ പ്രദർശനം, സ്കിറ്റ്, പോസ്റ്റർ നിർമാണം. | ഡിസംബർ | സയൻസ് ക്ലബ്ബ് ജീവശാസ്ത്ര വിഭാഗം, ഹെൽത്ത് ക്ലബ്ബ്. | പിടി എ |
| 8 | പോഷകാഹാരം കഴിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തൽ | പോഷകാഹാര കുറവു കൊണ്ടുണ്ടാകുന്ന രോഗങ്ങൾ, പ്രതിവിധി,ബോധവൽക്കരണ ക്ലാസ്.<br>സെമിനാർ.<br>വീഡിയോ പ്രദർശനം | ജനുവരി | സയൻസ് ക്ലബ്ബ് ജീവശാസ്ത്ര വിഭാഗം, ഹെൽത്ത് ക്ലബ്ബ്. | പി ടി എ<br>എസ്.എം.സി |
| 9 | പാഠഭാഗ പുനരാവർത്തനം | ചോദ്യ നിർമ്മാണം<br>ഗ്രൂപ്പ് റിവിഷൻ കട്ടി<br>അധ്യാപകൻ<br>ശാസ്ത്രപത്രികപ്രസിദ്ധീകരണം | ഫെബ്രുവരി-മാർച്ച് | ജീവശാസ്ത്ര വിഭാഗം | |

| മാസം | പ്രവർത്തനങ്ങൾ | ലക്ഷ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജൂൺ | പ്രീ ടെസ്റ്റ് അടിസ്ഥാനക്രിയകൾ | ഗണിത മേഖലയിലെ മുന്നറിവ് പരിശോധന ഗണിതാശയം കൈവരിക്കൽ | ഗണിത അധ്യാപകൻ | |
| ജൂലായ് | ജ്യാമീതീയ രൂപങ്ങളുടെ നിർമിതി ഗണിത ക്ലബ്ബ് രൂപീകരണം | നിർമ്മിതികളിലെ ശേഷി കരസ്ഥമാക്കൽ ക്ലബ്ബ് പ്രവർത്തനങ്ങൾ | ഗണിത അധ്യാപകൻ താല്പര്യമുള്ള വിദ്യാർത്ഥികൾ | പി ടി എ മറ്റ് സ്രോതസ്സ് |
| ആഗസ്ത് | ഗണിതം മധുരം – ഡയറ്റ് കോഴിക്കോട് ചേർന്ന് ക്യാമ്പ് (ഗണിത ക്യാമ്പ് ) | ഗണിത ക്രിയകളും ശേഷികളും ക്യാമ്പിലൂടെ നേടുന്നു | ഗണിത അധ്യാപകൻ താല്പര്യമുള്ള വിദ്യാർത്ഥികൾ | പി ടി എ മറ്റ് സ്രോതസ്സ് |
| സപ്തംബർ | ഗണിത പൂക്കളം | നിത്യ ജീവിതവും പരിസ്ഥിതിയും ഗണിതവുമായുള്ള ബന്ധം | ഗണിത അധ്യാപകൻ | പി ടി എ മറ്റ് സ്രോതസ്സ് |
| ഒക്ടോബർ | ഗണിത ശാസ്ത്ര മേളകൾക്കായ് കുട്ടികളെ ഒരുക്കൽ | ഗണിത ശാസ്ത്രമേള | ഗണിത അധ്യാപകൻ | പി ടി എ മറ്റ് സ്രോതസ്സ് |
| നവംബർ | ഗണിത മാഗസിൻ | ഗണിത ശേഷികൾ | ഗണിത അധ്യാപകൻ താല്പര്യമുള്ള വിദ്യാർത്ഥികൾ | പി ടി എ മറ്റ് സ്രോതസ്സ് |
| ഡിസംബർ | ഗണിത ശാസ്ത്ര ക്യാമ്പ് ടാൻഗ്രാം മത്സരങ്ങൾ | ഗണിത ശേഷികളുടെ ഉറപ്പിക്കൽ | ഗണിത അധ്യാപകൻ താല്പര്യമുള്ള വിദ്യാർത്ഥികൾ | പി ടി എ മറ്റ് സ്രോതസ്സ് |
| എല്ലാ മാസവും | എല്ലാ ക്ലാസ്സിലും Monthly Test എല്ലാ മാസവും ആദ്യ തിങ്കൾ ഗണിത ക്ലബ്ബ് പ്രവർത്തനങ്ങൾ | ഗണിത ശേഷി പ്രവർത്തനങ്ങൾ ഉറപ്പാക്കൽ ഗണിത ക്ലബ്ബ് പ്രവർത്തനങ്ങൾ | ഗണിത അധ്യാപകൻ | |

# SANSKRIT HSS MEPPAYIL

| മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തീക വിശകലനം** |
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസുകൾ |

# മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 2) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | **സ്റ്റാർട്ട് അപ്പ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു; ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മൈ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# ഉപസംഹാരം

2025-26 അക്കാദമിക വർഷത്തേക്കുള്ള സമഗ്രമായ വികസന പദ്ധതിയാണ് ഇവിടെ തയ്യാറാക്കിയിട്ടുള്ളത് സമകാലികമായി പുതിയ കൂട്ടിച്ചേർത്തലുകളും വേണ്ടിവരും ഓരോഘട്ടത്തിലെ പ്രവർത്തനങ്ങളും വരുന്ന മികവുകളും പരിമിതികളും തിരിച്ചറിഞ്ഞ് അവ പരിഹരിക്കാൻ ഉള്ള പ്രവർത്തനങ്ങൾക്കും പ്രഥമ പരിഗണന നൽകിക്കൊണ്ട് വിദ്യാലയത്തിലെ എല്ലാ ക്ലബ്ബുകളുടെയും സമിതികളുടെയും പ്രവർത്തനങ്ങൾ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതായിരിക്കും